DESPATCHED
20.5.25

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

Tel: 0471-2561633
E-mail: sic.ker@nic.in

**ഹർജി നമ്പർ CP 657(2)/2024/എസ്.ഐ.സി**

തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ 11691/SIC-G6/2024)**

സന്നിഹിതൻ

**ഡോ. ശ്രീകുമാർ എം., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**(തീയതി: 19.05.2025)**

Adv. T.K. Sathianathan,
Thiyyakandy Poyil (H),
Eramangalam, Balussery-673 612 } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കാലിക്കറ്റ് ബാർ അസോസിയേഷൻ,
ബാർ അസോസിയേഷൻ ബിൽഡിംഗ്,
മാവൂർ റോഡ് ജംഗ്ഷൻ, കോഴിക്കോട് } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12/08/2024 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | ----- |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 19/09/2024 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 26/09/2024 |
| ഹിയറിംഗ് നടന്ന സ്ഥലവും തീയതിയും | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോഴിക്കോട്, 18.03.2025 |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ.: | ഹാജരായി.<br>ഹാജരായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ അഡ്വ. റ്റി.കെ. സത്യനാഥൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ, വിവരാവകാശ നിയമപ്രകാരം കാലിക്കറ്റ് ബാർ അസോസിയേഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിച്ചുവെങ്കിലും യാതൊരുവിധ മറുപടിയും എതിർകക്ഷി ലഭ്യമാക്കിയിട്ടില്ലെന്നും ഈ സാഹചര്യത്തിൽ ഈ പരാതി ഹർജി പരിഗണിച്ച് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകണമെന്നാണ് പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്.

**2)** പരാതി ഹർജിക്കാരൻ ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടാണ് വിവരാവകാശ നിയമപ്രകാരം എതിർകക്ഷി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്:-

*1. കാലിക്കറ്റ് ബാർ അസോസിയേഷൻ (1989) രജിസ്റ്റർ ചെയ്ത ബൈലോവിന്റെ കോപ്പി തുടർന്ന് ബൈലോ പുതുക്കിയിട്ടുള്ള ആയതിന്റെ 2005 മുതൽ പുതുക്കിയ ഇതേവരെ പുതുക്കിയതിന്റെ കോപ്പി.*

*2. യഥാസമയങ്ങളിൽ ഭാരവാഹി പട്ടികയും റിപ്പോർട്ടും വരവ് ചെലവുകളും മറ്റും ജില്ലാ രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ 2010 മുതൽ ഇതുവരെയുള്ള അനുബന്ധ രേഖകൾ.*

*3. അസോസിയേഷനിൽ മെമ്പർമാരായ വക്കീലന്മാർ എത്ര രൂപയാണ് വാർഷിക വരിസംഖ്യ ബൈലോ പ്രകാരം അടക്കേണ്ടത്?*

*4. അസോസിയേഷൻ ലൈബ്രറിയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം എത്ര ബുക്ക് നിലവിലുണ്ട്? വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്താറുണ്ടോ? 5 വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ കോപ്പി, എത്ര ബുക്ക് നഷ്ടപ്പെട്ടിട്ടുണ്ട്?*

*5. 2020 മുതൽ ഇതുവരെ എത്ര ബുക്കുകൾ പുതുതായി വാങ്ങിയിട്ടുണ്ട്?*

*6. മുൻ അഭിഭാഷകരായവരും അംഗങ്ങളായിരുന്നവർ മരിച്ചപ്പോൾ അവരുടെ കുടുംബാംഗങ്ങൾ പുസ്തകങ്ങളും അലമാരകളും സംഭാവന ചെയ്തവർ ആരൊക്കെ? അലമാരകളുടെയും പുസ്തകങ്ങളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കണം.*

*7. 2021 മുതൽ ടി ലൈബ്രറി നവീകരണത്തിനായി ചെലവാക്കിയ പണം, അനുബന്ധ രേഖകൾ (2021 ഡിസംബർ 15 മുതൽ ഡിസംബർ 31 വരെയുള്ള സമയത്ത് അസോസിയേഷൻ രൂപ ചെലവാക്കിയതിന്റെ വിശദാംശങ്ങൾ, അനുബന്ധ രേഖകളുടെ കോപ്പി.*

*8. അസോസിയേഷൻ കെട്ടിടത്തിൽ പ്രവർത്തിച്ച കാന്റീനിന്റെ നിയന്ത്രണം അസോസിയേഷന് ഉണ്ടോ, നടത്തിപ്പിനായി ടെണ്ടർ വിളിക്കാറുണ്ടോ? വാടകയിനത്തിൽ എത്ര രൂപ ലഭിക്കുന്നു.*

**3)** മേൽ പരാതി ഹർജിയിന്മേലുള്ള വിശദീകരണം ലഭ്യമാക്കുവാൻ 05.10.2024, 24.11.2024 എന്നീ തീയതികളിലെ 11691/SIC-G6/2024 നമ്പർ കത്തുകൾ പ്രകാരം കാലിക്കറ്റ് ബാർ അസോസിയേഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും യാതൊരുവിധ വിശദീകരണവും കമ്മീഷൻ മുമ്പാകെ ലഭ്യമാക്കുകയുണ്ടായില്ല.

**4)** തുടർന്ന് ടി പരാതി ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളെ 18.03.2025-ന് ഹിയറിംഗ് നടത്തുകയുണ്ടായി. പ്രസ്തുത ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായിരുന്നുവെങ്കിലും എതിർകക്ഷി ഹാജരാകുകയുണ്ടായില്ല. തുടർന്ന് കാലിക്കറ്റ് ബാർ അസോസിയേഷൻ പ്രവർത്തിച്ച് വരുന്ന ഭൂമിയും കെട്ടിടവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ 19.04.2025-ലെ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 05.05.2025-ലെ DCKKD/5532/2025-N2 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർ, കോഴിക്കോട് കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

**5)** കാലിക്കറ്റ് ബാർ അസോസിയേഷൻ പ്രവർത്തിച്ച് വരുന്ന ഭൂമിയും, കെട്ടിടവും സർക്കാരിന്റെ ജുഡീഷ്യൽ വകുപ്പിന്റെ അധീനതയിലുള്ളതാണെന്നും, കെട്ടിടം വാടക രഹിതമായാണ് പ്രവർത്തിക്കുന്നതെന്നും കാലിക്കറ്റ് ബാർ അസോസിയേഷൻ അവരുടെ സ്വന്തം ചെലവിലാണ് പ്രവർത്തിക്കുന്നതെന്നും കാലിക്കറ്റ് ബാർ അസോസിയേഷൻ

പ്രവർത്തിക്കുന്നതിന് പ്രത്യേകം എഗ്രിമെന്റ് വയ്ക്കാറില്ലെന്നും ജുഡീഷ്യറിയുടെ ഭാഗമായാണ് ബാർ അസോസിയേഷൻ നിലകൊള്ളുന്നതെന്നും ജില്ലാ കളക്ടർ, കോഴിക്കോട് ലഭ്യമാക്കിയ റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്.

**6)** റിപ്പോർട്ടിന്റെയും, അനുബന്ധരേഖകളുടെയും, ഹിയറിംഗ് വേളയിൽ ബോധിപ്പിച്ച വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ കമ്മീഷൻ ഈ വിഷയം വിശദമായി പരിശോധിച്ചു. കാലിക്കറ്റ് ബാർ അസോസിയേഷൻ പ്രവർത്തിച്ചുവരുന്ന ഭൂമിയും കെട്ടിടവും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കാലിക്കറ്റ് ബാർ അസോസിയേഷൻ പ്രവർത്തിച്ച വരുന്ന ഭൂമിയും കെട്ടിടവും സർക്കാരിന്റെ ജുഡീഷ്യൽ വകുപ്പിന്റെ അധീനതയിലുള്ളതാണെന്നും, കെട്ടിടം വാടക രഹിതമായാണ് പ്രവർത്തിക്കുന്നതെന്നും ജുഡീഷ്യറിയുടെ ഭാഗമായാണ് ബാർ അസോസിയേഷൻ നിലകൊള്ളുന്നതെന്നും അറിയിച്ചിട്ടുണ്ട്. ടി കെട്ടിടം വാടകയ്ക്ക് നൽകിയിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന വാടക പരോക്ഷമായ സർക്കാർ ധനസഹായം ആയി നിരീക്ഷിക്കാവുന്നതാണ്. പ്രസ്തുത കെട്ടിടം കാലിക്കറ്റ് ബാർ അസോസിയേഷൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതിനാൽ പരോക്ഷമായ സർക്കാർ ധനസഹായം ടി അസോസിയേഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്നു എന്നാണ് അത് അർത്ഥമാക്കുന്നത്. ആയതിനാൽ വിവരാവകാശ നിയമം 2005, വകുപ്പ് 2(h)(d), കൂടാതെ 2(h)(ii) അനുസരിച്ച് കാലിക്കറ്റ് ബാർ അസോസിയേഷൻ ഒരു പൊതുസ്ഥാപനം ആയി പരിഗണിക്കുന്നു. ഒരു പൊതുസ്ഥാപനത്തിന് ആവശ്യമായ എല്ലാ സുതാര്യതയും ഉത്തരവാദിത്വവും ടി സ്ഥാപനത്തിന് ഉണ്ടാകണം. D.A.V. കോളേജ് ട്രസ്റ്റ് & മാനേജ്മെന്റ് സൊസൈറ്റി Vs ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ് എന്ന കേസിൽ (C.A.Nos.9828, 9844-9845, 9846-9857, 9860 of 2013) (Para 15) ബഹു. സുപ്രീംകോടതി പൊതുഅധികാര സ്ഥാനങ്ങളെക്കുറിച്ച് വ്യക്തമായി നി ർവ്വചിച്ചിട്ടുണ്ട്. സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860 അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടതും അംഗീകരിക്കപ്പെട്ടതും, അഡ്വക്കേറ്റ്സ് ആക്ട് 1961-ന്റെയും ബാർ കൗൺസിൽ ഓഫ് കേരളയുടെയും നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കുന്നതുമായ കാലിക്കറ്റ് ബാർ അസോസിയേഷൻ ഒരു പൊതു സ്ഥാപനമായി പൂർണ്ണമായും കണക്കാക്കാവുന്നതാണ്. കാലിക്കറ്റ് ബാർ അസോസിയേഷൻ മാത്രമല്ല, വിവരാവകാശ നിയമം 2005-ൽ പ്രതിപാദിക്കുന്ന 2(h)(c), 2(h)(d), 2(h)(ii) എന്നീ വകുപ്പുകൾ കേരളത്തിലെ ബാർ അസോസിയേഷനുകൾക്ക് ബാധകമാണ്. കൂടാതെ, ഈ സ്ഥാപനങ്ങൾ അഡ്വക്കേറ്റ്സ് ആക്ട് 1961-ന്റെയും ബാർ കൗൺസിൽ ഓഫ് കേരളയുടെയും നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. ആയതിനാൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിലവിലുള്ള ബാർ അസോസിയേഷനുകൾ എല്ലാംതന്നെ പൊതുസ്ഥാപനങ്ങൾ എന്ന നിർവ്വചനത്തിൽപ്പെടുന്നു. കേന്ദ്ര വിവരാവകാശ കമ്മീഷൻ 2011, ജനുവരി 11-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിൽ, ശ്രീ. പ്രദീപ് ഭാനോട്ട് Vs യൂണിയൻ ടെറിറ്ററി ഓഫ് ചണ്ഡിഗഢ് എന്ന ഹർജിയിൽ (ഫയൽ നം.CIC/LS/A/2010/001184) ചണ്ഡിഗഢ് ക്ലബ് വിവരാവകാശ നിയമം 2005, വകുപ്പ് 2(h)(ii) പ്രകാരം ഒരു പൊതു സ്ഥാപനമാണെന്ന് വിധിയ്ക്കുകയുണ്ടായി. പ്രത്യക്ഷമായ സർക്കാർ ധനസഹായമില്ലായെങ്കിലും കാലിക്കറ്റ് ബാർ അസോസിയേഷൻ സർക്കാർ ഭൂമിയും കെട്ടിടവും വാടകരഹിതമായി ഉപയോഗിക്കുന്നതിലൂടെ പരോക്ഷ ധനസഹായം കൈപ്പറ്റുന്ന സ്ഥാപനമായി മാറുന്നു. ആയതിനാൽ വിവരാവകാശ നിയമം 2005, വകുപ്പ് 2(h)(d), കൂടാതെ 2(h)(ii) അനുസരിച്ച് കാലിക്കറ്റ് ബാർ അസോസിയേഷൻ ഒരു പൊതുസ്ഥാപനമാണ്. അതുകൊണ്ടുതന്നെ ടി സ്ഥാപനം വിവരാവകാശ നിയമപ്രകാരം ഏതൊരു പൗരനും വിവരം തേടുമ്പോൾ സമയബന്ധിതമായി വിവരം നൽകേണ്ടതുമാണ്. ഇവിടെ പരാതി ഹർജിക്കാരനായ അഡ്വ. റ്റി.കെ. സത്യനാഥൻ 12.08.2024-ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ യാതൊരു മറുപടിയും ടി സ്ഥാപനം നൽകിയിട്ടില്ല. ഇത് വിവരാവകാശ നിയമപ്രകാരം ഗുരുതരമായ വീഴ്ചയായി കാണുന്നു. 18.03.2025-ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ അഡ്വ. റ്റി.കെ. സത്യനാഥൻ വിവരാവകാശ നിയമം

18(1)(C) പ്രകാരം സമർപ്പിച്ച ഹർജി പരിഗണനയ്ക്ക് എടുത്തപ്പോൾ എതിർകക്ഷിയായ കാലിക്കറ്റ് ബാർ അസോസിയേഷൻ എന്ന സ്ഥാപനത്തിന്റെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അപ്പീൽ അധികാരി എന്നിവർ ഇതുമായി ബന്ധപ്പെട്ട വിശദീകരണം സമർപ്പിക്കുകയോ, ഹിയറിംഗ് വേളയിൽ ഹാജരാകുകയോ ചെയ്തിട്ടില്ല. ഇത് വിവരാവകാശ നിയമത്തോടുള്ള നിഷേധമായി കമ്മീഷൻ നിരീക്ഷിക്കുന്നു. ടി വീഴ്ചയ്ക്ക് വിവരാവകാശ നിയമത്തിലെ സെക്ഷൻ 20(1) അനുസരിച്ച് ശിക്ഷാർഹമാണ്. ആയതിനാൽ എതിർ കക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർ കക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി **15 ദിവസത്തിനകം** രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പുകൾ പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

**7)** മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2025 മെയ് മാസം 19-ാം** തീയതി താൽക്കാലികമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**ഡോ. ശ്രീകുമാർ എം.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

**പകർപ്പ്:**

സെക്രട്ടറി, കാലിക്കറ്റ് ബാർ അസോസിയേഷൻ,
ബാർ അസോസിയേഷൻ ബിൽഡിംഗ്, മാവൂർ റോഡ് ജംഗ്ഷൻ, കോഴിക്കോട്

rmg